"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഭൂരഹിതരെ പുനരധിവസിപ്പിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം കുറിച്ചി ഗ്രാമപഞ്ചായത്ത് പെരുന്നേൽ പറമ്പിൽ ശ്രീ.ബൈജു.പി.പി. -യ്ക്ക് ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത പ്രമാണം ഗുണഭോക്താവിന്റെ പേരിൽ എഴുതി നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1398/2026/LSGD തീയതി,തിരുവനന്തപുരം, 29-07-2026

---

പരാമർശം:-

1. ശ്രീ.ബൈജു.പി.പി CMO പോർട്ടൽ മുഖേന 19.05.2025-ലെ G1250500074 നമ്പരായി സമർപ്പിച്ച പരാതി
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.03.2026 ലെ LSGD/PD/1983/2026-DPLA6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2003-04 കേരള വികസന പദ്ധതിയുടെ ഭാഗമായി ഭൂരഹിതരെ പുനരധിവസിപ്പിക്കുന്ന പദ്ധതി പ്രകാരം വസ്തു വാങ്ങുന്നതിന് ജനറൽ വിഭാഗത്തിൽ നിന്ന് കോട്ടയം കുറിച്ചി ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിൽ താമസിക്കുന്ന പെരുന്നേൽ പറമ്പിൽ ശ്രീ.ബൈജു.പി.പി യെ തിരഞ്ഞെടുക്കുകയും 2004-05 സാമ്പത്തിക വർഷത്തിൽ വസ്തു വാങ്ങുന്നതിന് പഞ്ചായത്തിൽ നിന്ന് 19360/- രൂപ പദ്ധതിയിൽ വകയിരുത്തി ടിയാനെ പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി കുറിച്ചി വില്ലേജിൽ റീസർവ്വേ നമ്പർ 67/7-1 ൽ പെട്ട 01 ആർ 21 ച.മീ വസ്തു ആ കാലയളവിലെ കുറിച്ചി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി.ഇ.വി.സരസമ്മ എന്നയാളുടെ പേരിലേക്ക് തീറെഴുതി രജിസ്റ്റർ ചെയ്തിരുന്നു. എന്നാൽ പദ്ധതി പ്രകാരം വസ്തു ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് പകരം പ്രമാണത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ആയതിനാൽ ടി വസ്തു തിരികെ ടിയാന്റെ പേരിലേയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.ബൈജു.പി.പി പരാമർശം (1) പ്രകാരം ബഹു.മുഖ്യമന്ത്രിയ്ക്ക് പരാതി സമർപ്പിച്ചിരുന്നു.

2) ശ്രീ. ബൈജു പി.പി ടി വസ്തുവിൽ 2009-10 ൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഭവനനിർമാണം നടത്തിയിട്ടുള്ളതും നാളിതുവരെ ടിയാൾ വസ്തുവിൽ താമസിച്ച് വരുന്നതായും പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത സ്ഥലം സർക്കാർ അനുമതിയോടെ ഗുണഭോക്താവിന്റെ പേരിൽ എഴുതി നൽകുന്നതിന് എതിർപ്പില്ലായെന്ന് 10.06.2025 ലെ കുറിച്ചി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11 (1) നം. തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ അനുകൂല നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2003-04 കേരള വികസന പദ്ധതിയുടെ ഭാഗമായി ഭൂരഹിതരെ പുനരധിവസിപ്പിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം കുറിച്ചി ഗ്രാമപഞ്ചായത്തിലെ ശ്രീ.ബൈജു.പി.പി യ്ക്കായി ഭൂമി വാങ്ങിയതിൽ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത പ്രമാണം ഗുണഭോക്താവായ ടിയാന്റെ പേരിൽ എഴുതി നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ (ഗ്രാമം), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീ.ബൈജു.പി.പി, പെരുന്നേൽ പറമ്പിൽ, സചിവോത്തമപുരം, കുറിച്ചി, കോട്ടയം.

സെക്രട്ടറി, കുറിച്ചി ഗ്രാമപഞ്ചായത്ത്, കോട്ടയം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Digitally signed by
Sreeja P
Date: 30-07-2026
16:18:41